പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2102 26-10-2026-ൽ മറുപടിയ്ക്ക്

വാഹനങ്ങൾ വാങ്ങുന്നതിലുണ്ടായിട്ടുള്ള പ്രതിസന്ധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ജെം - സോഫ്റ്റ്വെയർ മുഖേന മാരുതി കമ്പനിയുടെ വാഹനങ്ങൾ വാങ്ങാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

മറുപടി: വാഹനം വാങ്ങാൻ കഴിയാത്ത സാഹചര്യം ഇല്ല

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ വാങ്ങിയിരുന്ന വാഹനങ്ങളുടെ പണം നൽകാത്തത് കൊണ്ട് കമ്പനികൾ ഓർഡർ എടുക്കാത്തതും മുൻകൂർ പണമടക്കാതെ വാഹനം നൽകാനാവില്ല എന്ന നിലപാട് സ്വീകരിച്ചതും നിലവിലെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ ;

മറുപടി: ഇത്തരം വിഷയം റിപ്പോർട്ട് ചെയ്തിട്ടില്ല

(സി) എങ്കിൽ എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള വിവിധ ഫണ്ടുകൾ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നതിനായി നീക്കി വെച്ചിട്ടുള്ള പണം ചെലവഴിക്കപ്പെടാതെയും വാഹനം വാങ്ങാൻ കഴിയാതെയുമുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

മറുപടി: നിലവിൽ ഇത്തരം സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടില്ല

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

മറുപടി: നിലവിൽ ഇത്തരം സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടില്ല

(ഇ) എത്ര രൂപയാണ് തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ വിവിധ കമ്പനികൾക്ക് നൽകാനുള്ളത്; വ്യക്തമാക്കുമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ